ദേശാഭിമാനി

16 January 2018

# മുന്നറിയിപ്പ് സംവിധാനങ്ങൾ കാലോചിതമായി നവീകരിക്കണം: ഡോ. ത്രിലോചൻ മൊഹാപത്ര

**കൊച്ചി >** മത്സ്യമേഖലയിൽ മുന്നറിയിപ്പ് സംവിധാനങ്ങളുടെ കൃത്യത ഉറപ്പുവരുത്തണമെന്ന് കേന്ദ്ര കാർഷികഗവേഷണ വിദ്യാഭ്യാസവകുപ്പ് സെക്രട്ടറി ഡോ. ത്രിലോചൻ മൊഹാപത്ര. സിഎംഎഫ്ആർഐ സംഘടിപ്പിക്കുന്ന രണ്ടാമത് രാജ്യാന്തര സഫാരി സമ്മേളനം ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം.

മത്സ്യത്തൊഴിലാളികൾക്കും കർഷകർക്കും ഏറെ പ്രയോജനപ്പെടുന്ന വിവിധ മുന്നറിയിപ്പ് സംവിധാനങ്ങളിൽ ഉപയോഗിക്കുന്ന സാങ്കേതികവിദ്യ ഓരോ സമയത്തും പരിശോധനയ്ക്ക് വിധേയമാക്കണം. ഇതിനുപയോഗിക്കുന്ന ശാസ്ത്രീയ മാനദണ്ഡങ്ങൾ പുതിയ സാങ്കേതികവിദ്യ വരുന്നതിനനുസരിച്ച് നവീകരിക്കണം. കാലാവസ്ഥാമുന്നറിയിപ്പ്, മീനുകൾ കൂടുതൽ ലഭ്യമായ സ്ഥലങ്ങളുടെ പ്രവചനം, കടലിന്റെ സ്വഭാവത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് തുടങ്ങിയവ കാര്യക്ഷമമാക്കണം. സിഎംഎഫ്ആർഐ, ഇൻകോയിസ് എന്നീ സ്ഥാപനങ്ങളുടെ സംയുക്തശ്രമത്തിൽ വികസിപ്പിച്ച 'എംകൃഷി' മൊബൈൽ ആപ്പ് മത്സ്യമേഖലയിൽ ഏറെ പ്രയോജനകരമാണെന്ന് അദ്ദേഹം പറഞ്ഞു.

ഐസിഎആർ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ കെ ജെന അധ്യക്ഷനായി. ദേശീയ ബയോഡൈവേഴ്സിറ്റി അതോറിറ്റി ചെയർപേഴ്സൺ ഡോ. ബി മീനാകുമാരി, ലെസെ എച്ച് പെറ്റേഴ്സൺ, ഡോ. റോഡ്നി എം ഫോസ്റ്റർ, പ്രൊഫ. എൻ ആർ മേനോൻ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ, സിഎംഎഫ്ആർഐയിൽ ഫിഷറീസ് റിസോഴ്സസ് അസസ്മെന്റ് ഡിവിഷൻ മേധാവി ഡോ. ടി വി സത്യാനന്ദൻ എന്നിവർ സംസാരിച്ചു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി മുന്നൂറോളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. സമ്മേളനത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്കായി മത്സ്യ-ഭക്ഷ്യ-കാർഷിക മേളയും പ്രദർശനവും ഒരുക്കിയിട്ടുണ്ട്. സമ്മേളനത്തിന്റെ അവസാന ദിനമായ ബുധനാഴ്ച രാവിലെ 10.30ന് നടക്കുന്ന ദുരന്തനിവാരണത്തെക്കുറിച്ചുള്ള പ്രത്യേക ചർച്ചയിൽ മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ മുഖ്യാതിഥിയാകും. കേന്ദ്ര കാലാവസ്ഥാനിരീക്ഷണകേന്ദ്രം, കേരള ദുരന്തനിവാരണ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങളിലെ വിദഗ്ധരും ചർച്ചയിൽ പങ്കെടുക്കും.

## ഡോ. കെ ശിവനെ മുഖ്യമന്ത്രി അഭിനന്ദിച്ചു

**തിരുവനന്തപുരം >** ഐഎസ്ആർഒ ചെയർമാനായി നിയമിതനായ ഡോ. കെ ശിവനെ മുഖ്യമന്ത്രി പിണറായി വിജയൻ അഭിനന്ദിച്ചു. ഫോണിൽ വിളിച്ചാണ് മുഖ്യമന്ത്രി അഭിനന്ദനം അറിയിച്ചത്.

വിഎസ്എസ്സി ഡയറക്ടറായി പ്രവർത്തിച്ചുവരുന്ന ഡോ. കെ ശിവൻ സംസ്ഥാനവുമായി അടുത്തബന്ധം പുലർത്തുന്ന ശാസ്ത്രജ്ഞനാണെന്ന് മുഖ്യമന്ത്രി ഫെയ്സ്ബുക്കിൽ കുറിച്ചു. അദ്ദേഹത്തിന്റെ നേട്ടം ഇന്ത്യൻ ബഹിരാകാശ പര്യവേക്ഷണരംഗത്തെ കൂടുതൽ ഉന്നതിയിലേക്ക് എത്തിക്കട്ടെ എന്നും മുഖ്യമന്ത്രി ആശംസിച്ചു.